# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം *12          09.06.2014 ൽ മറുപടിക്ക്

**ക്രമസമാധാന കുറ്റാന്വേഷണ വിഭാഗങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന പോലീസിൽ ക്രമസമാധാനവും കുറ്റാന്വേഷണവും പ്രത്യേക വിഭാഗങ്ങളുടെ മേൽനോട്ട-ത്തിലാക്കുവാൻ എന്തെങ്കിലും നടപ-ടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുക? | (എ) യും (ബി) യും: സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റി-ഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധി-ക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ത്വരിത ഗതിയിലുള്ള അന്വേഷണ പൂർത്തീ-കരണവും ഫലപ്രദമായ ക്രമസമാധാന പാലനവും ഉറപ്പു വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇപ്രകാരം ഒരു അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ചും, ക്രമസമാധാനവും, കേസന്വേ-ഷണവും വേർതിരിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും പ്രായോഗികവും,സാമ്പത്തികവുമായ നിർദ്ദേ-ശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റിട്ട. ഐ.പി.എസ് |

| | |
|---|---|
| | ഉദ്യോഗസ്ഥനായ ശ്രീ.പ്രേംശങ്കറിനെ കമ്മീഷനായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ